# വെള്ളപ്പൊക്കം/പ്രളയം : ചെയ്യേണ്ടവയും ചെയ്തുകൂടാത്തവയും

## പ്രളയത്തിന് മുൻപ്

- വെള്ളപ്പൊക്കത്തിന് മുൻപ്തെറ്റായ പ്രചാരണങ്ങളെ അവഗണിക്കുക, പരിഭ്രാന്തരാകാതെ ശാന്തരായിരിക്കുക.
- അടിയന്തരഘട്ടങ്ങളിൽ ബന്ധപ്പെടുവാനായി മൊബൈൽ ഫോൺ ചാർജ് ചെയ്തു സൂക്ഷിക്കുക, SMS സൗകര്യം ഉപയോഗിയ്ക്കുക.
- റേഡിയോ, ടിവി ,പത്ര മാധ്യമങ്ങളിലെ കാലാവസ്ഥാ അറിയിപ്പുകൾ പിന്തുടരുക.
- കന്നുകാലികളെയുംവളർത്തുമൃഗങ്ങളെയും കെട്ടഴിച്ചുവിടുക.
- സുരക്ഷയ്ക്കും അതിജീവനത്തിനും അടിയന്തരഘട്ടങ്ങളിൽ അത്യാവശ്യമുള്ള സാധനങ്ങളുൾപ്പെട്ട എമർജൻസി കിറ്റ് തയാറാക്കിവെയ്ക്കുക.
- പ്രധാനപ്പെട്ട രേഖകളും വിലപ്പെട്ട വസ്തുക്കളും വെള്ളം കടക്കാത്ത ബാഗുകളിൽ സൂക്ഷിക്കുക.
- തൊട്ടടുത്തുള്ള അഭയസ്ഥാനത്തേക്കുള്ള (ഉയരമുള്ള കെട്ടിടം) സുരക്ഷിതമായ മാർഗം അറിഞ്ഞുവയ്ക്കുക.സർക്കാർ നിർദേശമുണ്ടായാൽ സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറിപ്പാർക്കുക.
- ആവശ്യത്തിനുള്ള ഉടനെ കഴിക്കാവുന്ന ഭക്ഷണ സാധനങ്ങളും ഒരാഴ്ചത്തേക്കുള്ള വെള്ളവും ശേഖരിച്ചുവെക്കുക.
- പെട്ടെന്ന് വെള്ളപ്പൊക്കത്തിന് സാധ്യതയുള്ള കനാലുകൾ, നദികൾ, അരുവികൾക്കുസമീപത്തുള്ള പ്രദേശങ്ങളെ കുറിച്ചു അവബോധ രായിരിക്കുക.

## പ്രളയമുണ്ടായാൽ

- വെള്ളക്കെട്ടിലേക്ക് ഇറങ്ങാതിരിക്കുക, ഇറങ്ങേണ്ടിവന്നാൽ ചെരുപ്പ് ധരിക്കുക.
- അഴുക്കുചാലുകൾ, കലുങ്കുകൾ, ഗട്ടറുകൾ എന്നിവയുടെ സമീപത്തേക്കു പോകാതിരിക്കുക.
- ഷോക്കേൽക്കാതിരിക്കാൻ ഇലക്ട്രിക്ക് പോസ്റ്റുകൾ, പൊട്ടിവീണ വൈദ്യുതക്കമ്പികൾ എന്നിവക്കു സമീപം പോകരുത്.
- തുറന്നുകിടക്കുന്ന മാൻഹോളുകൾ, ഓവുചാലുകൾ എന്നിവയെ പറ്റി ചുവന്ന കൊടിയോ ബാരിക്കേഡോ ഉപയോഗിച്ച് സൂചന കൊടുക്കുക.
- വെള്ളക്കെട്ടിലൂടെ നടക്കുകയോ വാഹനം ഓടിക്കുകയോ അരുത്. ഓർക്കുക, 2 അടി താഴ്ചയുള്ള ഒഴുക്കുവെള്ളത്തിനു വലിയ വാഹനങ്ങളെപോലും ഒഴുക്കിക്കൊണ്ടുപോകാനാകും.

- *പുതുതായി ഉണ്ടാക്കിയ അല്ലെങ്കിൽ ഉണക്കിസൂക്ഷിച്ച ആഹാരം കഴിക്കുക.എപ്പോഴും ആഹാരസാധനങ്ങൾ പൊതിഞ്ഞു സൂക്ഷിക്കുക.*
- *തിളപ്പിച്ച അല്ലെങ്കിൽ ക്ലോറിനേറ്റ് ചെയ്ത വെള്ളം കുടിക്കുക.*
- *അണുനാശിനി ഉപയോഗിച്ച് പരിസരം ശുചിയാക്കുക.*

## *പ്രളയത്തിന് ശേഷം*

- *വെള്ളക്കെട്ടിൽ കുട്ടികളെ കളിയ്ക്കാൻ അനുവദിക്കരുത്.*
- *കേടുപറ്റിയ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കരുത്.*
- *നിർദേശമുണ്ടായാൽ, വൈദ്യുത ഉപകരണങ്ങൾ മെയിൻ സ്വിച്ചിൽനിന്നും വിച്ഛേദിക്കുക, നനഞ്ഞ കൈകൊണ്ടു ഇലക്ട്രിക്ക് ഉപകരണങ്ങൾ സ്പർശിക്കാതിരിക്കുക.*
- *പ്രളയശേഷം അടിഞ്ഞുകൂടിയ അവശിഷ്ടങ്ങളിൽ വൈദ്യുത തൂണോ , പൊട്ടിയ വൈദ്യുത കമ്പിയോ, മൂർച്ചയുള്ള വസ്തുക്കളോ ഉണ്ടോയെന്ന് പരിശോധിക്കുക.*
- *വെള്ളം കയറിയ ആഹാരസാധനങ്ങൾ ഭക്ഷിക്കരുത്.*
- *മലമ്പനി തടയാനായി കൊതുകുവല ഉപയോഗിക്കുക.*
- *വെള്ളപ്പൊക്ക സമയത്ത് പാമ്പുകടിയേൽക്കാൻ സാധ്യതയുള്ളതിനാൽ പാമ്പുകളെ ശ്രദ്ധിക്കുക.*
- *കുടിവെള്ള പൈപ്പ് ലൈൻ/ ഡ്രൈനേജ് ലൈൻ കേടായ സാഹചര്യത്തിൽ ടാപോ ശൗചാലയമോ ഉപയോഗിക്കാതിരിക്കുക.*
- *ആരോഗ്യവകുപ്പ് നിർദേശിക്കുന്നതുവരെ ടാപ്പ് വെള്ളം കുടിക്കാതിരിക്കുക.*

## *മാറിപ്പാർക്കേണ്ട സാഹചര്യമുണ്ടായാൽ*

- *വീട്ടിലെഉപകരണങ്ങൾ മേശയിലോകട്ടിലിലോകയറ്റിവെയ്ക്കുക.*
- *വെള്ളം പുറത്തേക്കൊഴുകാതിരിക്കാനായി മണൽച്ചാക്കുകൊണ്ട്ടോയ്‌ലറ്റ്ദ്വാരങ്ങൾ, ഓവുചാൽ ദ്വാരങ്ങൾ അടക്കുക.*
- *വൈദ്യുതി, പാചകവാതകബന്ധങ്ങൾ വിച്ഛേദിക്കുക.*
- *ഉയർന്നപ്രദേശത്തേക്ക് / സുരക്ഷിതസ്ഥാനത്തേക്ക്മാറുക.*
- *എമർജൻസികിറ്റ്, പ്രഥമശുശ്രുഷകിറ്റ്, വിലപ്പെട്ടവസ്തുക്കൾ, പ്രധാനപ്പെട്ടരേഖകൾ കയ്യിൽ സൂക്ഷിക്കുക.*
- *വെള്ളക്കെട്ടിലേക്ക്ഇറങ്ങാതിരിക്കുക, നീളമുള്ളവടിഉപയോഗിച്ച്താഴ്ചപരിശോധിക്കുക.*
- *അധികൃതർ നിർദേശിച്ചശേഷംമാത്രംവീട്ടിലേക്കുമടങ്ങുക.*
- *കുടുംബവുമായിബന്ധപ്പെടാനുള്ളമാർഗ്ഗങ്ങളെപറ്റിപദ്ധതിതയാറാക്കുക.*
- *നനഞ്ഞസാധനങ്ങളെല്ലാംവൃത്തിയാക്കിഅണുനശീകരണംനടത്തുക.*

# കൃഷിയുമായിബന്ധപ്പെട്ട് വെള്ളപൊക്ക സമയത്ത്ചെയ്യേണ്ടവയും ചെയ്തുകൂടാത്തവയും

- കന്നുകാലികളെയുംവളർത്തുമൃഗങ്ങളെയുംതൊഴുത്തിൽ സുരക്ഷിതമായി പാർപ്പിക്കുക.
- മൃഗങ്ങൾക്ക്ശുദ്ധജലംകൊടുക്കുക.
- വെള്ളപ്പൊക്കസാധ്യതാ മേഖലകളിൽ വെള്ളക്കെട്ടിൽ അതിജീവിക്കുന്ന വിളകൾ തിരഞ്ഞെടുക്കുക.
- വയലിൽ കെട്ടിനിൽക്കുന്നഅമിതമായ വെള്ളംഒഴുക്കിക്കളയുക.
- വെള്ളപൊക്കംരൂക്ഷമായിബാധിച്ചപ്രദേശങ്ങളിൽ ഉയർന്നപ്രദേശങ്ങളിൽ അത്യുത്പാദനശേഷിയുള്ള നെൽച്ചെടികൾ വളർത്തിയെടുക്കുക. വെള്ളപൊക്കശേഷം അതേനെല്ലിനങ്ങൾ മാറ്റിനടാവുന്നതാണ്.
- ഉയർന്നപ്രദേശങ്ങളിൽ എള്ള് ,തിനപോലുള്ളവിളകൾ കൃഷിചെയ്യുക.
- കനത്തമഴയുടെഅറിയിപ്പുണ്ടായാൽ വേഗംവിളവെടുപ്പ്നടത്തുക. വിളവെടുത്തകാർഷികഉത്പന്നങ്ങൾസുരക്ഷിതമായിസൂക്ഷിക്കുക
- പ്രധാന പാടശേഖരങ്ങളിൽ ഞാറിനോ നെല്ല് വിളയ്ക്കോ പൂർണമായി നാശനഷ്ടം ഉണ്ടായാൽ വൈകിയോ അല്ലെങ്കിൽ ഒരുകാലയളവിൽ പല ദിവസങ്ങളിലായി പഴയ വിത്തുപയോഗിച്ചു കൃഷി ആരംഭിക്കുക.
- ഭാഗികമായി വെള്ളപ്പൊക്കം ബാധിച്ച പാടങ്ങളിൽ അമിതമായി കെട്ടികിടക്കുന്ന വെള്ളം ഒഴുക്കികളയുക കൂടാതെ മൂന്നിലൊരുഭാഗം നൈട്രജൻ + അൻപതുശതമാനം പൊട്ടാസിയം ഓക്സൈഡ് ഉപരിതലത്തിൽ പ്രയോഗിക്കുക.
- വെള്ളപ്പൊക്കം കാരണം വിളകൾക്ക് കേടുപാടുണ്ടായാൽ ഫോട്ടോഇൻസെന്സിറ്റീവ് ആയ ഹ്രസ്വകാല നെല്ലിനങ്ങൾ നേരിട്ട് നടുക.
- വെള്ളപ്പൊക്കത്തിൽ വിത്തുകൾ ഒലിച്ചു പോയ സാഹചര്യത്തിൽ വിത്തുകൾക്കായി മറ്റൊരു പദ്ധതിതയ്യാറാക്കുക.
- വെള്ളക്കെട്ടുമാറിക്കഴിഞ്ഞാൽ പാടങ്ങളിൽ അധികമായി നൈട്രജൻ അടങ്ങിയ വളപ്രയോഗം നടത്തുക.

## ***ചെയ്തുകൂടാത്തവ***

- ***വിളവെടുത്ത കാർഷികഉത്പന്നങ്ങൾ പാടങ്ങളിൽ ഉപേക്ഷിക്കരുത്.***
- ***അധികനേരം പാടങ്ങളിൽ വെള്ളക്കെട്ട് അനുവദിക്കരുത്. ഇത് ചീയലിനും മറ്റു അസുഖങ്ങൾക്കും കാരണമായേക്കാം.***